പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

05/02/2018 -ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*200

**ടൂറിസം മേഖലയിലെ തൊഴിൽ-നിക്ഷേപ സാധ്യതകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.വി.ജോയ്<br>ശ്രീ.എം.രാജഗോപാലൻ: | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
| എ) | സംസ്ഥാനത്തെ അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകർക്ക് അനുയോജ്യമായ തൊഴിൽ വിനോദസഞ്ചാര മേഖലയിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | സംരഭകത്വം, ടൂറിസം അനുബന്ധ ഉൽപ്പന്നങ്ങളുടെ ഉല്പാദനം, സംഭരണം, വിപണനം, ടൂറിസം വ്യവസായ സ്ഥാപനങ്ങളിലെ നേരിട്ടുള്ള വിവിധ തൊഴിലുകൾ എന്നിവയെല്ലാം ടൂറിസത്തിന്റെ ഭാഗമായി അഭ്യസ്ത വിദ്യരായ യുവജനങ്ങളുടെ തൊഴിൽ സാധ്യതയായി കണ്ടെത്തിയിട്ടുണ്ട്.ഇതിലേക്കായി ഉത്തരവാദിത്ത ടൂറിസം മിഷൻ വിവിധ പരിശീലനപരിപാടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നു. .ഇതിന് പുറമെ ഒരു ഓൺലൈൻ ഹ്യൂമൻ റിസോഴ്സസ് ഡയറക്ടറിയും തയ്യാറാക്കുന്നുണ്ട്.ഇതൊരു ഓൺലൈൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോലെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കും.താമസ സൗകര്യം ഒരുക്കൽ, ടൂർ പാക്കേജിംഗ്, അനുബന്ധ ഉൽപ്പന്നങ്ങളുടെ നിർമ്മാണം , വിപണനം, മാലിന്യ സംസ്കരണം, കുടിവെള്ള സൗകര്യം ഒരുക്കൽ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവാസികളുടെയും താൽപ്പര്യമുള്ള സംരംഭകരുടേയും സഹായത്തോടെ മുന്നേറ്റം കൊണ്ടുവരുന്നതിന് കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക് നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.. ടൂർ ഗൈഡിംഗ്, സ്റ്റോറി ടെല്ലിംഗ്, നാച്ചുറലിസ്റ്റ്, ബേർഡ് വാച്ചിംഗ് എസ്കോർട്ട് തുടങ്ങിയവക്കുള്ള പരിശീലനങ്ങളും ആരംഭിക്കുന്നതാണ്. സ്റ്റാർട്ട് അപ് മിഷനുമായി |

| | | | |
|---|---|---|---|
| | | | ചേർന്ന് യുവസംരഭകരെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും മിഷൻ നടപ്പാക്കും. എക്സ്പീരിയൻഷ്യൽ ടൂറുകൾക്ക് പ്രാധാന്യം നൽകുന്ന സംരംഭങ്ങൾ ഇതിന്റെ ഭാഗമായി ആരംഭിക്കും.<br><br>ടൂറിസവുമായി ബന്ധപ്പെട്ട് തൊഴിൽ അധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾ ശക്തമാക്കാനും, പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ജോബ് ഫെയർ, കരിയർ റിക്രൂട്ട്മെന്റ് ഡ്രൈവ്, ടൂറിസം സംരംഭകരുമായി സംവദിക്കുന്നതിനുള്ള അവസരം എന്നിവ കിറ്റ്സ് ഒരുക്കിയിട്ടുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് വിനോദസഞ്ചാര മേഖലയിൽ അനുയോജ്യമായ തൊഴിൽ ലഭ്യമാക്കുന്നതിനു വേണ്ടി കിറ്റ്സ് ഒരു ഹ്യൂമൻ റിസോഴ്സ് പോർട്ടൽ ആരംഭിക്കുന്നതാണ്. ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് ഈ മേഖലയിൽ അനുയോജ്യമായ തൊഴിൽ കണ്ടെത്താവുന്നതാണ്. |
| ബി) | ടൂറിസം മേഖലയിലെ തൊഴിൽ-നിക്ഷേപ സാധ്യതകളെക്കുറിച്ച് ശരിയായ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | ബി) | ടൂറിസം മേഖലയിലെ തൊഴിൽ-നിക്ഷേപ സാധ്യതകളെക്കുറിച്ച് ശരിയായ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടി വകുപ്പ് തലത്തിൽ ജില്ലാ-പ്രാദേശിക അവബോധന ശിൽപ്പശാലകൾ, ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന പ്രാദേശിക ശിൽപ്പശാലകൾ, സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ എന്നിവ നടത്തി വരുന്നു. |
| സി) | പ്രസ്തുത മേഖലയിൽ കിറ്റ്സ് പോലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) | നിലവിലുള്ള എം.ബി.എ/ബി.ബി.എ കോഴ്സുകൾക്ക് പുറമേ കേരള സർവ്വകലാശാലയുടെ കീഴിൽ പുതുതായി ബി.കോം (ട്രാവൽ ആന്റ് ടൂറിസം) കോഴ്സ് ആരംഭിക്കുന്നതിനുള്ള അപേക്ഷ കിറ്റ്സ് സമർപ്പിച്ചിട്ടുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട് തൊഴിൽ അധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾ ശക്തമാക്കാനും, പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ജോബ് ഫെയർ, കരിയർ റിക്രൂട്ട്മെന്റ് ഡ്രൈവ്, ടൂറിസം സംരംഭകരുമായി സംവദിക്കുന്നതിനുള്ള അവസരം എന്നിവ കിറ്റ്സ് ഒരുക്കിയിട്ടുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് വിനോദസഞ്ചാര മേഖലയിൽ അനുയോജ്യമായ തൊഴിൽ ലഭ്യമാക്കുന്നതിനു വേണ്ടി കിറ്റ്സ് ഒരു ഹ്യൂമൻ റിസോഴ്സ് പോർട്ടൽ ഉടൻ ആരംഭിക്കുന്നതാണ്. ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അനുയോജ്യമായ തൊഴിൽ കണ്ടെത്താവുന്നതാണ്.<br><br>അടിസ്ഥാന സൌകര്യ വികസനത്തിന്റെ ഭാഗമായി അന്തർദേശീയ നിലവാരം പുലർത്തുന്ന പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. പുതിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം നടന്നു വരുന്നു. അത്യാധുനിക രീതിയിലുള്ള ആംഫി തീയേറ്റർ പ്രവർത്തന സജ്ജമാക്കി.<br><br>ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങളിൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

സംരഭകത്വ വികസനത്തിനും നിക്ഷേപത്തിനും ഊന്നൽ നൽകിയാണ് ടൂറിസം വകുപ്പിന്റെ കീഴിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപം കൊണ്ടത്. താമസ സൗകര്യം ഒരുക്കൽ, ടൂർ പാക്കേജിംഗ്, അനുബന്ധ ഉൽപ്പന്നങ്ങളുടെ നിർമ്മാണം ; വിപണനം, മാലിന്യ സംസ്കരണം, കുടിവെള്ള സൗകര്യം ഒരുക്കൽ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവാസികളുടെയും താൽപ്പര്യമുള്ള സംരംഭകരുടേയും സഹായത്തോടെ മുന്നേറ്റം കൊണ്ടുവരുന്നതിന് കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക് നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റാർട്ട് അപ് മിഷനുമായി ചേർന്ന് യുവസംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ മിഷൻ കൈക്കൊണ്ടിട്ടുണ്ട്. എക്സ്പീരിയൻഷ്യൽ ടൂറുകൾക്ക് പ്രാധാന്യം നൽകുന്ന സംരംഭങ്ങൾ ഇതിന്റെ ഭാഗമായി ആരംഭിക്കും. ടൂറിസം കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് ഉപയോഗം കുറക്കുക എന്ന ലക്ഷ്യം മുൻ നിർത്തി പ്രാദേശിക പങ്കാളിത്തത്തോടെ കുടിവെള്ള സൌഹൃദ ശൃംഖലകൾ നടപ്പാക്കും. ഇത് പ്രവാസികൾ, യുവസംരംഭകർ, കുടുംബശ്രീകൾ എന്നിവയുമായി ചേർന്ന് ഒരു ബിസിനസ് മാതൃകയായാണ് തയ്യാറാക്കുന്നത്.

## ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക്

സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായും പ്രാദേശിക തലത്തിലും പ്രവർത്തിച്ച വരുന്ന ചെറുതും വലുതുമായ സംരംഭങ്ങളെ കൂട്ടിയിണക്കി കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക് എന്ന ഓൺ ലൈൻ പ്ലാറ്റ്ഫോം കൂടുതൽ വിപുലമാക്കും. ജൈവ കാർഷിക വിഭവങ്ങൾ, കരകൌശല വസ്തുക്കൾ, സോവനീറുകൾ, കൈത്തറി ഉൽപ്പന്നങ്ങൾ വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, തുണി സഞ്ചികൾ, പേപ്പർ ബാഗുകൾ, എന്നിങ്ങനെ കേരളത്തിലെ എല്ലാ പ്രാദേശിക ഉൽപ്പന്നങ്ങളേയും ടൂറിസം വ്യവസായത്തിനും ടൂറിസ്റ്റുകൾക്കും, മലയാളി കുടുംബങ്ങൾക്കും ഓൺ ലൈൻ ഓർഡർ വഴി ലഭ്യമാക്കാൻ വേണ്ടിയാണ് ഈ സൌകര്യം ഒരുക്കുന്നത്. ഇതിലേക്ക് 2018-19-ൽ 500 പുതിയ സംരംഭകരേയും, 2019-2020-ൽ 1000 പുതിയ സംരംഭകരേയും, 2020-2021-ൽ 3000 പുതിയ സംരംഭകരേയും ഉൾപ്പെടുത്തും.

## ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി

ഉത്തരവാദിത്വ ടൂറിസം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിദഗ്ധ-അവിദഗ്ധ തൊഴിലുകൾ ലഭ്യമാകാൻ യോഗ്യതയുള്ള പരമാവധി ആളുകളുടെ വിവരങ്ങളുമായി ആരംഭിക്കുന്ന ഓൺ ലൈൻ ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി വിപുലമാക്കും. 2018-19-ൽ 2000 പേരെയും, , 2019-2020-ൽ 5000 പേരെയും,, 2020-2021-ൽ 10000 പേരെയും ഇതിന്റെ ഭാഗമായി ഗുണഭോക്താക്കളാക്കും.

## ആർടി ആർട്ട് & കൾച്ചറൽ ഫോറം

കേരളത്തിലെ അനുഷ്ഠാന കലാപ്രവർത്തകരേയും മറ്റ് കലാപ്രവർത്തകരേയും കൂട്ടിയിണക്കുന്ന ഒരു ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിനുള്ള വിവരശേഖരണം ആരംഭിച്ചു കഴിഞ്ഞു. നിലവിൽ 400 പേർ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. 2018-19-ൽ 1000 വ്യക്തിഗത ഗുണഭോക്താക്കളേയും, , 2019-2020-ൽ 2000 വ്യക്തിഗത ഗുണഭോക്താക്കളേയും,, 2020-2021-ൽ 3000 വ്യക്തിഗത ഗുണഭോക്താക്കളേയും ഇതിന്റെ ഭാഗമാക്കും.

ടൂറിസവുമായി ബന്ധപ്പെട്ട് തൊഴിൽ അധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾ ശക്തമാക്കാനും, പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ജോബ് ഫെയർ, കരിയർ റിക്രൂട്ട്മെന്റ് ഡ്രൈവ്, ടൂറിസം സംരംഭകരുമായി സംവദിക്കുന്നതിനുള്ള അവസരം എന്നിവ കിറ്റ്സ് ഒരുക്കിയിട്ടുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് വിനോദസഞ്ചാര മേഖലയിൽ അനുയോജ്യമായ തൊഴിൽ ലഭ്യമാക്കുന്നതിനു വേണ്ടി കിറ്റ്സ് ഒരു ഹ്യൂമൻ റിസോഴ്സ് പോർട്ടൽ ഉടൻ ആരംഭിക്കുന്നതാണ്. ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അനുയോജ്യമായ തൊഴിൽ കണ്ടെത്താവുന്നതാണ്.

വീട്ടിൽ ഊണ്, കഫെ കുടുംബശ്രീ, ഡിസൈനർ തട്ടുകട പരിപാടികൾ നടപ്പാക്കും. ഇവയ്ക്കു പരിശീലനം നൽകി ഉത്തരവാദിത്ത ടൂറിസം മിഷൻ സർട്ടിഫിക്കേഷൻ നൽകും. ജി.ഐ.എസ് മാപ്പിംഗിലൂടെ ടൂറിസ്റ്റുകൾക്കായി ഇവയെ പരിചയപ്പെടുത്തും.

വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ലോക ശ്രദ്ധ ആകർഷിച്ച പാക്കേജാണ്. പരമ്പരാഗത തൊഴിലുകളെ ടൂറിസം ഉൽപ്പന്നങ്ങൾ ആക്കി പാക്കേജുകളാക്കുകയും ആ പാക്കേജുകൾ വിപണനം ചെയ്യുകയും അതിൽ നിന്നുള്ള വരുമാനം പാക്കേജിന്റെ ഭാഗമായ വ്യക്തികൾ, സ്ഥാപനങ്ങൾ, തൊഴിലാളികൾ, വനിതകൾ തുടങ്ങിയവർക്ക് ലഭ്യമാക്കുകയും ചെയ്യുന്ന രീതിയാണ് നടന്നു വരുന്നത്.

നിലവിലുള്ള എം.ബി.എ/ബി.ബി.എ കോഴ്സുകൾക്ക് പുറമേ കേരള സർവ്വകലാശാലയുടെ കീഴിൽ പുതുതായി ബി.കോം (ട്രാവൽ ആന്റ് ടൂറിസം) കോഴ്സ് ആരംഭിക്കുന്നതിനുള്ള അപേക്ഷ കിറ്റ്സ് സമർപ്പിച്ചിട്ടുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട് തൊഴിൽ അധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾ ശക്തമാക്കാനും, പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ജോബ് ഫെയർ, കരിയർ റിക്രൂട്ട്മെന്റ് ഡ്രൈവ്, ടൂറിസം സംരംഭകരുമായി സംവദിക്കുന്നതിനുള്ള അവസരം എന്നിവ കിറ്റ്സ് ഒരുക്കിയിട്ടുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് വിനോദസഞ്ചാര മേഖലയിൽ അനുയോജ്യമായ തൊഴിൽ ലഭ്യമാക്കുന്നതിനു വേണ്ടി കിറ്റ്സ് ഒരു ഹ്യൂമൻ റിസോഴ്സ് പോർട്ടൽ ഉടൻ ആരംഭിക്കുന്നതാണ്. ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അനുയോജ്യമായ തൊഴിൽ കണ്ടെത്താവുന്നതാണ്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി അന്തർദേശീയ നിലവാരം പുലർത്തുന്ന പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. പുതിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം നടന്നു വരുന്നു. അത്യാധുനിക രീതിയിലുള്ള ആംഫി തീയേറ്റർ പ്രവർത്തന സജ്ജമാക്കി.

നൈപുണ്യ വികസനത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന തൊഴിൽ പരിശീലന പദ്ധതിയായ അസാപ്പിന്റെ ട്രെയിനിംഗ് സെന്ററായി കിറ്റ്സിനെ തെരഞ്ഞെടുത്തു. കിറ്റ്സിന്റെ തിരുവനന്തപുരം, എറണാകുളം സെന്ററുകളിൽ ബഹുഭാഷാ ഇന്റർപ്രെട്ടർക്കായുള്ള പരിശീലന പരിപാടി, തീര നൈപുണ്യ പദ്ധതിയുമായി ചേർന്ന് മത്സ്യത്തൊഴിലാളികളായ യുവതികൾക്ക് പരിശീലന പരിപാടി, NULM പദ്ധതിയുടെ ഭാഗമായി തട്ടുകടക്കാർക്ക് പരിശീലനപരിപാടി, ഫ്രണ്ട് ഓഫീസ്, ട്രാവൽ കൺസൾട്ടന്റ്, മൾട്ടി ക്യുസിൻ കുക്ക് കോഴ്സുകൾ എന്നിവയിൽ പരിശീലനം , കേന്ദ്ര സർക്കാരിന്റെ സ്വച്ഛ് ഭാരത് അഭിയാന്റെ തുടർച്ചയായി പരിശീലന പരിപാടികൾ, ഇക്കോ ടൂറിസം വകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ യുവാക്കൾക്ക് നൈപുണ്യ വികസന പരിശീലന പരിപാടി എന്നിവ കിറ്റ്സ് നടത്തി വരുന്നു.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി നിലവിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 12 ഇൻസ്റ്റിറ്റ്യൂട്ടുകൾ കേരളത്തിൽ പ്രവർത്തിക്കുന്നു. 1. ഫുഡ് & ബിവറേജ് സർവ്വീസ്, 2. ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, 3. ഫുഡ് പ്രൊഡക്ഷൻ, 4. ഹോട്ടൽ അക്കോമൊഡേഷൻ ഓപ്പറേഷൻ, 5. ബേക്കറി ആന്റ് കൺഫെക്ഷനറി എന്നീ കോഴ്സുകളാണ്. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്നത്. ഈ കോഴ്സുകൾക്ക് പി.എസ്.സി. അംഗീകരിച്ച കേരള സർക്കാരിന്റെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റും ലഭിക്കുന്നു.

കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് 2008 മുതൽ പ്രവർത്തിച്ചു വരുന്നു. മൂന്നു വർഷം ദൈർഘ്യമുള്ള ബി.എസ്.സി. ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സ് ഇവിടെ നടത്തുന്നു. ഹോട്ടൽ/ഹോസ്പിറ്റാലിറ്റി മേഖലയിൽ വൈദഗ്ധ്യം നൽകുന്ന കോഴ്സാണിത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി (NCHMCT) നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. കൂടാതെ കേന്ദ്രസർക്കാരിന്റെ CAPACITY BUILDING FOR SERVICE PROVIDERS എന്ന സ്കീം പ്രകാരം താഴെപ്പറയുന്ന ട്രെയിനിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കി വരുന്നുണ്ട്. a) 6 ആഴ്ച ദൈർഘ്യം ഉള്ള ഫുഡ് & ബിവറേജസ് സർവ്വീസ് (Waiter) പരിശീലനം. b) 8 ആഴ്ച ദൈർഘ്യം ഉള്ള ഫുഡ് പ്രൊഡക്ഷൻ (Cook) പരിശീലനം. c)ആറു ദിവസത്തെ സ്കിൽ പരിശീലനവും സർട്ടിഫിക്കേഷനും. ആറ് സെമസ്റ്ററിലായി നടത്തുന്ന മൂന്നു വർഷത്തെ ബി.എസ്.സി. ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്, കേന്ദ്ര ടൂറിസം മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുടെയും ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണി വേഴ്സിറ്റി യുടെയും അംഗീകാരത്തോടെ നടത്തുന്നതാണ്. കേരള പി.എസ്.സി. യും പ്രസ്തുത കോഴ്സ് അംഗീകരിച്ചിട്ടുണ്ട്.